പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2257

08.05.2017-ൽ മറുപടിക്ക്

# പ്രധാന റോഡുകൾ വെട്ടിപ്പൊളിക്കുന്നത് നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.സ്വരാജ് | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെങ്കിലും റോഡുകൾ വികസിപ്പിക്കുന്ന അവസരത്തിൽ കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ പ്രത്യേകം ഡക്ടുകൾ നിർമ്മിച്ച് അവയിലൂടെ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) സ്വീകരിച്ചുവരുന്നു.<br>ദേശീയപാത നാല് വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പെയ്സ്/ യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പുതുതായി നടപ്പിലാക്കുന്ന നഗര റോഡു വികസന പദ്ധതികളിൽ കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ പ്രത്യേകം ഡക്ടുകൾ നിർമ്മിച്ച് അവയിലൂടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) നിലവിലുള്ള റോഡുകൾ, വികസനത്തിന്റെ പേരിൽ നിരന്തരം വെട്ടിപ്പൊളിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) & (സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ മറ്റ് ഏജൻസികളുടെ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന്റെ മുൻകൂർ അനുവാദം വാങ്ങിയതിനു ശേഷം മാത്രമാണ് നടപ്പാക്കേണ്ടത്. എന്നാൽ വകുപ്പിന്റെ അനുവാദം ഇല്ലാതെ റോഡ് വെട്ടിപ്പൊളിക്കുന്നത് നിയന്ത്രിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും, വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സർക്കാർ ഉത്തരവ് (കൈ) നം. 63/16/പൊ.മ.വ തീയതി 03.09.2016 |

പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നം. 1602/2016/പൊ.മ.വ തീയതി 21.11.2016 പ്രകാരം പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകൾ വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾക്കായി വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റോഡുകൾ വെട്ടിപ്പൊളിച്ച് ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നത് ഒരു പരിധിവരെ നിയന്ത്രിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ